*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഈ ബില്ലിനെ സംബന്ധിച്ചു കഴിയുന്നതും ഒഴിഞ്ഞുനില്ക്കാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. കഴിഞ്ഞതവണ ഞാൻ ഇതുപോലെ ഒരു ബിൽ കൊണ്ടുവന്നപ്പോൾ മക്കത്തായ ഈഴവരുടെ ഇടയിൽ പെട്ട ഒരാളാണ് ബിൽ കൊണ്ടുവന്നതെന്ന ആക്ഷേപമുണ്ടായി. ഈ തവണയും അവതരിപ്പിച്ചവരോട് ഞാൻ പറയുന്നതു് സെലക്ട് കമ്മിറ്റിക്കു് ഈ ബിൽ അയയ്ക്കുന്നുണ്ടെങ്കിൽ അതിൽ എന്നെ പെടുത്തരുതെന്നാണ്. എന്നാൽ ഇതിന്റെ ചരിത്രത്തെക്കുറിച്ചു കുറച്ചു പറയാനുണ്ടു്. കഴിഞ്ഞതവണ മഹാരാജാവു തിരുമേനി എന്റെ ബില്ലിനു അനുവാദം നിഷേധിച്ചുതള്ളിക്കളഞ്ഞതിനെ അടിസ്ഥാനമാക്കി ശവമ്മെണ്ടു് ഇതിനെ നിഷേധിക്കരുതെന്നാണു് ഞാൻ ആദ്യമായി പറയുന്നതു്. കഴിഞ്ഞതവണ തള്ളിക്കളഞ്ഞതിൽ വിരോധമില്ല. ബില്ലിന്റെ എതൃകക്ഷികളാണ് തിരുമനസ്സിലെ അടുക്കൽ സങ്കടം ബോധിപ്പിച്ചതു്. അതിനാൽ ഒരു വ്യവസ്ഥാപിതഭരണാധികാരിയായ തിരുമനസ്സിലേയ്ക്കു അതിന്റെ അനുമതി നിഷേധിക്കേണ്ടതാവശ്യമായിവന്നു. എന്നാൽ അന്നത്തെ എതൃകക്ഷികൾക്കെല്ലാം ഇന്നു മാറ്റം വന്നിട്ടുണ്ടെന്നും എല്ലാപേരും അനുകൂലമാണെന്നും അറിയിച്ചാൽ തിരുമനസ്സിൽനിന്നു അനുമതി നൽകാതിരിക്കുകയില്ല. എന്നല്ല കഴിഞ്ഞതവണ ഈഴവർതന്നെ എതിരായി നിവേദനം സമർപ്പിച്ചതുകൊണ്ടാണ് അങ്ങിനെ നിഷേധിച്ചതെന്നു എനിക്കു തോന്നുന്നില്ല. ശവമ്മെണ്ടു ഭാഗത്തുനിന്നുകൊടുത്ത ഉപദേശവും മുഴുവൻ ശരിയാകാതിരുന്നിട്ടുണ്ടു്. എന്നാൽ ഈ തവണ ശവമ്മെണ്ടു ഭാഗത്തുനിന്നും അനുകൂലമാണെന്നാണ് എന്റെ വിശ്വാസം. സ്ത്രീകൾക്കു സ്വാതന്ത്ര്യം കൊടുക്കുന്ന കാര്യത്തിൽ ഇവിടെ വന്നിട്ടുള്ള മെമ്പറന്മാർ ആരും സ്വന്തം സമുദായത്തിലെ അനുഭവം വെച്ചുകൊണ്ടു് എതിർക്കുമെന്നു തോന്നുന്നില്ല. നായർ സമുദായത്തിൽനിന്നു എതിരില്ല. ക്രസ്ത്യൻ സമുദായത്തിലാണെങ്കിൽ ഫ/സ അവകാശം അനുവദിച്ചു കൊടുക്കുന്ന ഒരു നിയമം അവർക്കുമുണ്ടു്. മുസ്ലീം സമുദായത്തിൽ നിന്നാണെങ്കിൽ എതിരില്ല. പിന്നെ ഒരെതിരു വരാനുള്ളതു് പരിശുദ്ധ ഹിന്ദുലാ അനുസരിക്കുന്ന സമുദായങ്ങളിൽനിന്നേ ഉണ്ടാകയുള്ളു. അങ്ങിനെയുള്ള മെമ്പർമാർ ഇവിടെ അധികമില്ല. എന്നല്ല അവർ വിവാ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

രിക്കും, നമ്മളെന്തിനു വല്ലവന്റെയും കാര്യത്തിൽ തലയിടുന്നുവെന്നു പിന്നെ നമ്പൂതിരി സമുദായത്തിൽപെട്ടവരാണെങ്കിൽ അവർ ആ സമുദായത്തിന്റെ കാര്യത്തിൽ ഒരു നിയമമുണ്ടാക്കാൻ കഷ്ടപ്പെട്ട നടക്കുന്നവരായതുകൊണ്ടു തുല്യദുഃഖിതരായ ഞങ്ങളെ അനുകൂലിക്കാതിരിക്കുകയില്ല. ഇങ്ങിനെ സ്വാഭാവികമായിതന്നെ അനുഭ്യോഗസ്ഥപക്ഷത്തിന്റെ ആനുകൂല്യമുണ്ടു്. പിന്നെ കൊച്ചി ഗവമ്മെണ്ടിന്റെ അഭിപ്രായം മറുതരത്തിൽ വരാൻ വഴിയില്ല. കാരണം, കൊച്ചി മഹാരാജാവു തിരുമനസ്സിലെ രാജകുടുംബം പിൻ തുടരുന്നതായ ക്രമമനുസരിച്ചു സ്ത്രീകൾക്കു പൂർണ്ണ സ്വാതന്ത്ര്യം രാജകുടുംബത്തിലുണ്ടു്. അതിനാൽ മിതാക്ഷരം, അല്പാക്ഷരമെന്നൊക്കെ പറയുന്ന ഹിന്ദുലായിലേ സായുജ്യമുള്ളുവെന്ന ഒരു ബൊദ്ധ്യം രാജകുടുംബത്തിനില്ല. അതിനാൽ പൊതുവെ ഈ ബില്ലിനു അനുകൂലമുണ്ടു്. കഴിഞ്ഞതവണ ഈ ബില്ലിനു് അനുമതി നിഷേധിച്ചുവെന്ന കാരണം പറഞ്ഞു ഗവമ്മെണ്ടു ഭാഗത്തുനിന്നു എതിർക്കരുതു്. അനുമതി നിഷേധിച്ചതല്ല കാര്യമായടക്കേണ്ടതു്, അതിനുള്ള കാരണമെന്തായിരുന്നുവെന്നും അതിനു് വ്യത്യാസം വന്നിട്ടുണ്ടോ എന്നുമാണു വിചാരിക്കേണ്ടതു്.

മിസ്റ്റർ കെ. പി. കണ്ണൻനായർ: അങ്ങിനെ അന്നു നിഷേധിച്ചതിനുണ്ടായിരുന്ന കാരണം മാറീട്ടുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യം വന്നിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: നിഷേധിച്ചതിന്റെ കാരണം മാറീട്ടുണ്ടെന്നു ബോദ്ധ്യം വന്നാൽ പിന്നെ എതിർക്കുകയില്ലല്ലൊ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ശരിയായി ബോദ്ധ്യം വരുന്നപക്ഷം എതിർക്കുകയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ഗവമ്മെണ്ടിന്റെ മറുപടി കേട്ടതിൽ സന്തോഷിക്കുന്നു. ഇനി പണിക്കരുടെ പ്രസംഗത്തിൽ എന്റെ ബില്ലിനെ എതുത്തതു് എന്നോടുള്ള വ്യക്തിവിദ്വേഷംകൊണ്ടാണെന്നു പറഞ്ഞുകേട്ടു. അതു കേട്ടു നിങ്ങളാരും തെറ്റിദ്ധരിക്കരുതു്. എന്നോടു വിരോധം തോന്നണമെങ്കിൽ ഞാൻ സ്ഥാനാർത്ഥിയായിരിക്കണം. എന്നോടു വിരോധമുള്ളവർ ഇവിടേയും അവിടേയുമില്ല. ഞാൻ സമുദായത്തിന്റെ ദോഷത്തിനായി ശ്രമിച്ചിട്ടുമില്ല.

പിന്നെ മിസ്സിസ് മേനോൻ പറഞ്ഞ ഭേദഗതികളാണു് ചിന്തിക്കാനുള്ളതു്. ഫർ വയസ്സു് ഫ്രം വയസ്സാക്കണമെന്ന ഭേദഗതിയെക്കുറിച്ചു കഴിഞ്ഞതവണ ഞാൻ തന്നെ വേണമെന്നാലോചിച്ചിരുന്നതാണു്. ഫ്രം വയസ്സു് എന്നു് ഇനി വേണമെങ്കിലും മാറാം. എന്നാൽ ഇപ്പോഴത്തെ രാജ്യത്തിലെ സ്ഥിതി നോക്കിയാൽ ഫ്രം വയസ്സിൽ എന്നല്ല, അതിൽ കൂടിയാലും വിവാഹം നടക്കുന്നതിനു വളരെ വിഷമമായിട്ടുണ്ടു്. അങ്ങിനെയിരിക്കെ ഫർ വയസ്സിൽ ഒരു വിവാഹാലോചന വന്നാൽ അപ്പോൾ നടക്കാതിരുന്നാൽ ആ സ്ത്രീക്കു ഒരു സമയം ഫ്രം വയസ്സായിട്ടും വിവാഹാലോചനയുണ്ടാകാതെപോയെന്നു വന്നാൽ അതു കഷ്ടമല്ലെ? എതായാലും എറണാകുളം സ്ത്രീമെമ്പർ പറഞ്ഞ ഭേദഗതി അവതാരകനും സെലക്ട് കമ്മിറ്റിയും കാര്യമായാലോചിക്കുന്നതായിരിക്കും. പിന്നെ വിവാഹമോചനക്കാര്യമാണു്. വളരെ ഗാഢമായാലോചിച്ചതിനുശേഷമാണു് വിവാഹമോചനത്തിനു കാരണം പറയേണ്ട ആവശ്യമില്ലെന്നു തീർച്ചയാക്കിയതു്. ഡൈവോഴ്സ് ചെയ്യാനുദ്ദേശിക്കുന്നവൻ കാരണമില്ലെങ്കിലും എന്തെങ്കിലും അനാവശ്യകാരണങ്ങൾ കാണിക്കുക എന്നല്ല അത്യാവശ്യം വരുന്നപക്ഷം ഡൈവോഴ്സ് ചെയ്യാൻ പൂർണ്ണസ്വാതന്ത്ര്യം വേണം. എന്നാൽ അതു ദുരുപയോഗപ്പെടുത്താതിരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യം ചില നിയമങ്ങൾ വേണം. അതിനു് ഈ ൫,൦൦൦ മോ അഥവാ ൪,൦൦൦ മോ രൂപ എന്നുവെയ്ക്കുന്നതു മതിയായ ഒരു തടസ്സംതന്നെയാണു്. അതും വേണമെങ്കിൽ സെലക്ട് കമ്മിറ്റി ആലോചിച്ചതിനുശേഷം മാറ്റംചെയ്യാം. ഞാൻ കാരണം പറയേണ്ടെന്നു പറയുന്നതിന്റെ ഉദ്ദേശം കാരണം പറയുകയാണെങ്കിൽ അതിൽ പ്രധാനമായിട്ടുള്ളതു് വ്യഭിചാരക്കുറവാണു്. അതു് മേലുള്ള വിവാഹത്തിനു കൂടി തടസ്സമായിരിക്കുന്നതാണു്.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ: നായർ ആക്ടിലും കാരണം പറയേണ്ടെന്നാണ വെച്ചിരിക്കുന്നതു്.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: പക്ഷെ അന്നു് ഇതിന്റെ ആവശ്യം അത്രയ്ക്കു ബോദ്ധ്യപ്പെട്ടിരുന്നില്ല. ഈ ബഹളം ഉണ്ടാക്കുന്നതൊക്കെ പുരുഷന്മാരാണു്. അവർ അവരുടെ കാര്യമല്ലാതെ സ്ത്രീകളുടെ കാര്യം നോക്കുന്നില്ല. സ്ത്രീകൾക്കു ഇങ്ങിനെ ഒരു ചട്ടമുണ്ടാക്കിയില്ലെങ്കിൽ അവക്കു രക്ഷയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: സ്ത്രീകളുടെ രക്ഷയ്ക്കാണെ ഞാൻ പറയുന്നതും. പുരുഷന്മാർ വ്യഭിചാരികളാണെന്നു കോട്ടിൽ പറഞ്ഞാൽ ചില ആളുകൾ അതൊരു ബഹുമാനമായി സ്വീകരിക്കാനും മതി. എന്നാൽ സ്ത്രീകൾക്കതു കരണീമാനമായി വിചാരിക്കുത്തക്ക നിർഭാഗ്യാവസ്ഥ നമ്മുടെ രാജ്യത്തിൽ ഭാഗ്യവശാലുണ്ടായിട്ടില്ല. സ്ത്രീകൾക്കു് ഇങ്ങിനെയുള്ള അപമാനങ്ങളൊന്നുമുണ്ടാകാതിരിക്കണമെന്നുള്ളതുകൊണ്ടാണു് ഈ ൫,൦൦൦ രൂപ എന്നു വെച്ചതു്. നായർ സമുദായത്തിനു ൩,൦൦൦ രൂപയാക്കാമെങ്കിൽ ഇതിനു് ൫,൦൦൦ തന്നെ പാടില്ല, കൂടിയാൽ ൧,൦൦൦ രൂപയെ പാടുള്ളൂ. തിയ്യ സമുദായത്തിലെ ധനസ്ഥിതി നോക്കിയാൽ൫,൦൦൦ രൂപ ഒരു കുറഞ്ഞ സംഖ്യയല്ല. സാധാരണ തീയ്യ സമുദായത്തിൽ വിവാഹം കഴിഞ്ഞു് കുറച്ചുകാലം കഴിഞ്ഞാൽ എന്തെങ്കിലും വഴക്കു പറഞ്ഞു ഉപേക്ഷിക്കാൻ തുടങ്ങുക പതിവാണു്. എന്നാൽ ൫,൦൦൦ രൂപ നഷ്ടം കൊടുക്കണമെന്നു വന്നാൽ ആദ്യത്തെ പിണക്കമൊക്കെ ഉപേക്ഷിച്ചു ക്രമേണ പ്രിയതമേ! എന്നു വിളിക്കാൻ തുടങ്ങും.

പിന്നെ ഗവമ്മെണ്ടിനാലോചിക്കാനുള്ളതു ബില്ലിനു ഭൂരിപക്ഷമുണ്ടോ എന്നാണു്. ഞാൻ പറയുന്നതു ഭൂരിപക്ഷം പോര, ഒരു വലിയ ഭൂരിപക്ഷം വേണമെന്നാണു്. അങ്ങിനെയുണ്ടെന്നാണു് ഞാൻ ഉറപ്പുതരുന്നതു്.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ: ബിൽ സർക്കുലേഷനു് സമ്മതിയ്ക്കുമെങ്കിൽ ഞാൻ ഒപ്പോസ് ചെയ്യുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: സർക്കുലേഷനു പോകുകയാണെങ്കിൽ അനാവശ്യമായ പ്രതിബന്ധമുണ്ടാക്കാൻ പാടില്ല. കഴിഞ്ഞ തവണ രണ്ടുമൂന്നുപേർ എതിർത്തുവെന്നുവെച്ചു ഇങ്ങിനെ ഒരു നിയമനിർമ്മാണമാവശ്യമില്ലെന്നു തെളിഞ്ഞിട്ടില്ല. എന്നല്ല വേണമെങ്കിൽ ആ എതിർപ്പുകളൊക്കെ ഒരൊറ്റ ദിവസംകൊണ്ടു നിവർത്താമായിരുന്നു. അതെനിക്കു സാധിക്കും. പക്ഷെ എന്റെ നയമതല്ലാതിരുന്നതിനാൽ അതിനൊരുങ്ങിയില്ലെന്നേയുള്ളൂ. ഗവമ്മെണ്ടു വിചാരിക്കുന്നമാതിരിയുള്ള എതിർപ്പുകളൊന്നും ഈ ബില്ലിനില്ല. സർക്കുലേഷനുവെച്ചാൽ ഒരു പെട്ട കടലാസുംകൊണ്ടുനടക്കേണ്ട ബുദ്ധിമുട്ടുണ്ടു്. ഒരു കാര്യം പറയാം. സമുദായത്തിനു വേണ്ടെങ്കിൽ ഇതു പാസ്സാക്കണമെന്നു ഞങ്ങൾക്കു നിർബ്ബന്ധമില്ല. ഞങ്ങൾക്കിതിൽ ഒന്നും ലാഭമില്ല.

പിന്നെ മറയന്മാരുടെ കാര്യമാണു്. ഈഴവരിൽ പെട്ടന്ന ഇങ്ങിനെ ഒരു കൂട്ടരുണ്ടെന്നറിഞ്ഞതുതന്നെ ഈ ഇടയ്ക്കാണു്. അവരെ ഇതിൽ ചേർക്കുന്ന കാര്യത്തിൽ അവർതന്നെ നിഷേധം പുറപ്പെടുവിക്കുമെന്നാണെനിക്കു തോന്നുന്നതു്. അവർക്കു വിരോധമില്ലെങ്കിൽ അവരെക്കൂടി ചേർക്കാം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ മിസ്റ്റർ പണിക്കരോട് പറയാനുള്ളതു പഴയ കാലത്തെ തെലുപ്പിള്ളി താലൂക്കിലെ ചരിത്രവും മറ്റും ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. ഈഴവരുടെ ഇടയിലെന്നല്ല, നായരുടെ ഇടയിലും,—കൃസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്നൊ എന്നറിഞ്ഞില്ല—പണ്ടു പാണ്ഡവന്മാരുടെ ഇടയിലുണ്ടായിരുന്നതുപോലെയുള്ള ആ സമ്പ്രദായം ഒരു കാലത്തുണ്ടായിരുന്നു. അതൊക്കെ നശിച്ചുകഴിഞ്ഞു.

ശവമ്മേണ്ടു ഈ ബിൽ സ്വീകരിക്കുന്നതിനുണ്ടെന്നു വിചാരിക്കുന്ന വിഷമങ്ങൾ നീക്കിത്തരാൻ പ്രയാസമില്ല. ഇപ്പോൾ നമ്പൂരിബില്ലിന്റെ കാര്യമെടുത്താൽ, അതിനെപ്പറ്റിയുള്ള ശവമ്മേണ്ടിന്റെ മനോഭാവം മുമ്പിലത്തേതിൽ നിന്നു മാറാൻ വന്നതുടങ്ങീട്ടുണ്ട്. പിന്നെ ഈ സമുദായത്തിന്റെ കാര്യത്തിൽ യാതൊരു വിഷമവുമില്ല. നമ്പൂതിരി സമുദായത്തിന്റെ യഥാർത്ഥ അവശതകൾ തിരുമനസ്സിൽ നിന്നു അറിഞ്ഞിരുന്നില്ല. എന്നാൽ അവർ നേരിട്ടുചെന്നു കാര്യങ്ങൾ അറിയിച്ചപ്പോൾ അവിടന്നു അതിനെപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്. അതുപോലെ അദ്ദേഹം തിയ്യ സമുദായത്തിന്റെ യഥാർത്ഥ നില അറിഞ്ഞാൽ ഇതനുവദിക്കാതിരിക്കയില്ല. പിന്നെ കഴിഞ്ഞതവണ ദിവാൻജിയുടെ പാരമ്പര്യവും ദായക്രമവും നോക്കിയാൽ അദ്ദേഹവും ഈ ബില്ലിനു് എതിരായിരുന്നിരിക്കണം. പരിചയംകൊണ്ടു് എത്ര മോശമായാലും ആ ദായക്രമം നല്ലതാണെന്നു എല്ലാപേക്കും തോന്നുന്നതാണു്. ദിവാൻജി മരുമക്കത്തായകുടുംബത്തിൽ പെട്ട ആളാകയാൽ സ്ത്രീകൾക്കു സ്വാതന്ത്ര്യം കൊടുക്കുന്ന കാര്യത്തിൽ അത്ര അനുകൂലമാകാനിടയില്ല. എന്നാൽ ഈ ബില്ലിൽ വേറെ ഒരു ഗുണം കൂടിയുണ്ടു്. മരുമക്കത്തായകുടുംബത്തിൽ സ്വത്തു കൈകാര്യം ചെയ്യുന്ന കാരണവർക്കു് പുത്രിമാരുടെ സ്വത്തിന്മേൽ പൂർണ്ണാധികാരം കൊടുക്കുകയാണെങ്കിൽ മക്കളെ സഹായിക്കാനായി മരുമക്കളെ തോല്പിക്കാനുള്ള കൃത്രിമമുണ്ടാക്കും. നേരെമറിച്ചു് മരുമക്കത്തായക്രമത്തിൽ മക്കളെ എതിർക്കാനായി പിതാവു് ഒരുങ്ങുമെന്നു തോന്നുന്നില്ല. അതുകാരണം പുത്രിമാരുടെ സ്വത്തിന്റെ പൂർണ്ണാധികാരം പിതാവിനു് ഈ ബിൽ നിർദ്ദേശിക്കുന്നുണ്ടു്. അതുകൊണ്ടു പിതാക്കന്മാരിൽനിന്നു് എതിരുണ്ടാകയില്ല. സ്ത്രീകൾക്കു സ്വത്തിന്മേൽ പൂർണ്ണസ്വാതന്ത്ര്യം കൊടുക്കുന്ന പുരുഷന്മാരെ തുച്ഛിപ്പെടുത്താൻ കൂടിയാണു് ആ സ്വത്തിന്മേൽ പിതാവിനു് അധികാരം കൊടുത്തിരിക്കുന്നതു്. മക്കൾക്കു സ്വത്തു കൊടുക്കുന്നകാര്യത്തിലെതിരുള്ളവർ ചില ന്യായങ്ങളൊക്കെ പറയും. കൂട്ടുകുടുംബമായിരുന്നാൽ സ്വത്തിന്മേൽ കടം വരികയില്ല എന്നും നിലനില്ക്കുമെന്നും മറ്റും പറയും. എന്നാൽ ഈ സ്വത്തു് ഇങ്ങിനെ കെട്ടിവെച്ചാൽ പോരാ. അതെടുത്തു വ്യവസായം ചെയ്യണം. കൊച്ചി ഹാർബറും മറ്റും ഉള്ള ഈ കാലത്തു പണം കെട്ടിവെച്ചു് വേറതെ ഇരുന്നാൽ മതിയോ? ഈ കാലത്തിൽ കച്ചവടത്തിലും വ്യവസായത്തിലും മറ്റും ചില സമുദായങ്ങൾ മുന്നോട്ടു പോകുന്നുണ്ടു്. എന്നാൽ ചിലതു പോകുന്നില്ലെങ്കിൽ അതിനു് ആളുകളുടെ കുറ്റംതന്നെയല്ല കുറെ ഒക്കെ ദായക്രമവും ഉത്തരവാദിയാണു്.

പിന്നെ, ഈ ബില്ലിനു ചിറ്റാർക്കാരായ ഈഴവർ എതിരായിരിക്കുമെന്നു പറയുന്നുണ്ടു്. അതു സെലക്ടു് കമ്മിറ്റി അന്വേഷിച്ചതിനുശേഷം തീർച്ചപ്പെട്ടതാണു്. എന്നാൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയാൽ അവരും എതിർക്കുമെന്നു തോന്നുന്നില്ല. സമുദായം ഉയർന്നിട്ടുള്ളിടത്തോളം ആവശ്യമായ നിയമനിർമ്മാണവും വേണം. കോട്ടം വകീലും പറയുന്ന കണക്കല്ല സമുദായപുരോഗതി നിർണ്ണയിക്കാറെടുക്കേണ്ടതു്. പലകാര്യങ്ങളിലും മറ്റു സമുദായങ്ങളെപ്പോലെതന്നെ ഈഴവസമുദായവും ഉയർന്നിട്ടുണ്ടു്. എന്നാൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

തരം അത്യാവശ്യനിയമങ്ങളില്ലാത്തതിനാൽ ചില ബുദ്ധിമുട്ടുകളുണ്ട്. അല്ലാതെ യാതൊരു സമുദായത്തിന്റെയും പിറകിലല്ല തിയ്യസമുദായം. ആ കാര്യത്തിൽ ആക്ഷം തെറ്റിദ്ധരിക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ എം. കെ. രാമൻ: പിറകിലുള്ള തിയ്യന്മാർ ബില്ലിനെതിരാണൊ?

മിസ്റ്റർ കെ. അയ്യപ്പൻ: പിറകിലുള്ളവക്ക് വിരോധമുണ്ടോ എന്നെനിക്കറിവില്ല. അവക്കിതിൽനിന്നൊഴിയണമെന്നാഗ്രഹമുണ്ടെങ്കിൽ ഞങ്ങൾക്കതിനു വിരോധമില്ല. കഴിഞ്ഞതവണ അങ്ങിനെ ചെയ്യുകയാണുണ്ടായതു്. എന്നാൽ അവിടെ ശരിയായ അന്വേഷണം നടത്തിയിരുന്നെങ്കിൽ അനുകൂലികൾ ധാരാളമുണ്ടെന്നു കാണാമായിരുന്നു. അവിടെ ആകെ ഒരു മീറ്റിംഗ് വെച്ചാണു് അവരുടെ അഭിപ്രായം അറിഞ്ഞതു്. എങ്ങിനെയായാലും മാറണമെന്നാഗ്രഹമുണ്ടെങ്കിൽ മാറിക്കൊള്ളട്ടെ. ഒരു സമുദായമാഗ്രഹിക്കാത്ത ഒരു പരിഷ്കാരം സമുദായത്തിന്റെ തലയിൽ കെട്ടിവെക്കണമെന്ന ഉദ്ദേശമില്ലെന്നു ഞാൻ ഗവർമ്മെണ്ടിനെ അറിയിക്കുന്നു. സമുദായത്തിന്റെ പുരോഗമനത്തിനാവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കിക്കൊടുക്കേണ്ടതു സമുദായത്തിന്റെ പ്രതിനിധികളായ ഞങ്ങളുടെ കടമ ആയതുകൊണ്ടാണു് ഞങ്ങൾ അതിനായി പരിശ്രമിക്കുന്നതു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: സർ, എനിക്കു ഈ ബില്ലിനെക്കുറിച്ചു് ഇപ്പോൾ ഒരഭിപ്രായം തീർത്തു പറയാൻ നിവൃത്തിയില്ല. കഴിഞ്ഞതവണ മിസ്റ്റർ അയ്യപ്പൻ അവതരിപ്പിച്ച ബില്ലിനെതിരായി ഞാൻ ഒരു സ്റ്റേറ്റുമെണ്ടു കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സമുദായത്തിന്റെ എതിരഭിപ്രായം മാറീട്ടുണ്ടെന്നു പറയുന്നു. അങ്ങിനെ മാറീട്ടുണ്ടോ എന്നെനിക്കു തീർത്തുപറയാൻ നിവൃത്തിയില്ല. അതുകൊണ്ടു സെലക്ട് കമ്മിറ്റിക്കയച്ചു് അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷമേ എന്തെങ്കിലും തീർത്തുപറയാൻ വിചാരിക്കുന്നുള്ളൂ. ഇത്രമാത്രമേ എനിക്കിപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

Mr. V. K. Krishnan kutty (*Ezhuvas-Trichur*): Sir, of all the oppositions that the Government have been putting forward against the Bills which have been sponsored by the non-official members during this sitting, this has been the most bald, barren and the most unwanted opposition. There were instances before of the Government opposing Bills because the objects and reasons did not come in line with the sections of the Bill. At other times, they opposed because they did not accept the principle. This time, the opposition has been, as I said, bald and barren and in putting forward that opposition, the hon'ble member for Law committed several mistakes of law. The learned Advocate-General was pleased to remark that the law applicable to the Thiyyas in the matter of succession is the Mithakshara system of Hindu Law. This he was saying in spite of the Chief Court decision to the contrary expressed in 21 Cochin—21 Cochin lays down that customary law should be applied.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Kunjunni Raja (*Advocate-General*): There have been several decisions of the Chief Court to support me.

Mr. V. K. Krishnankutty (*Ezhuvas-Trichur*): Please cite one.

Mr. C. A. Kunjunni Raja (*Advocate-General*): Any digest will give.

Mr. V. K. Krishnankutty (*Ezhuvas-Trichur*) : 21 Cochin lays down that customary law should be applied. In the absence of custom, law of equality and justice should prevail and in the matter of alienation of property, the law of transfer of property, Succession Act, etc., will apply. The learned Advocate-General was referring to 25 Cochin in support of his contention, but 25 Cochin is to the contrary and really it applied to a particular locality only. In that particular locality the custom was that a daughter was not entitled to the estate of her father. This is what the Lordship said: "We can find nothing in going back upon the ruling upheld by this Court in 21 Cochin".

When the Bill was discussed in 1934 this matter also came up for discussion and no less a person than once the Government Advocate, Mr. Ambadi Sankara Menon stated before the House.—Page 318, Legislative Council Proceedings dated 29th November 1934. "The Chief Court has already declared that the Mithakshara Law is not applicable to Ezhuvas and the sons do not take by birth anything of the anscestral property".

Mr. C. A. Kunjunni Raja (*Advocate-General*): There was a revision of the former decision. They have decided further.

Mr. V. K. Krishnankutty (*Ezhuvas-Trichur*): The Chief Court has decided also that "the father can alienate without the consent of his sons any property which was descended to him from his father or grand-father", *i. e.* ancestral property, so that no more argument is necessary to establish that Hindu Law is not applicable to Ezhuvas either in the matter of alienation of property or in the matter of inheritance or succession.

The hon'ble Law Member was pleased to oppose the Bill on the ground that some years ago, there was an unreasonable opposition for giving a portion of the father's property to the daughter also. If the Law Member is not aware, I may inform him that much water has flown beneath the bridge since then and opinion now is definitely in favour of giving a share to the daughter. I may also remark that some of us who have been in favour of the Bill at that time also and who gave evidence in favour of the Bill have been returned unopposed by our constituencies. During the last Council also, I had given notice of the

LIBRARY ARCHIVES Kerala Legislative Assembly

very same Bill for introduction. My constituency knew full well that if I am re-elected, I will bring the same Legislative measure again before the House.

Mr. A. V. Moothedan (*Chalakkudi*): May I know whether it was on this basis that you were elected? Was this your election manifesto?

Mr. V. K. Krishnankutty (*Ezhuvas-Trichur*): No election manifesto was necessary. As unlike my hon'ble friend, I had no necessity to issue any election manifesto, because I was not at all opposed. There was no opposition at all in spite of the fact that the constituency knew very well that I would again bring forward this measure, without changing my mind.

Mr. A. V. Moothedan (*Chalakkudi*): Why can't you change the mind?

Mr. T. V. Subramania Ayyar (*Nemmara*): You say that because you gave notice of this Bill during the last Council, you were elected this time?

Mr. V. K. Krishnankutty (*Ezhuvas-Trichur*): Yes. I thank the hon'ble member for the correct interpretation.

Now the law applicable to Thiyyas is uncertain. There has been a confusion also. There was even an instance of a learned Judge exhorting the community to take steps to legislate on the point. That itself is sufficient evidence that the law existing is uncertain.

Some of the hon'ble members, especially the hon'ble member for Ernakulam ladies were suggesting certain alterations. Others were decrying the orthodox spirit in which I brought the Bill, because I gave only one-third the share of a son to the daughter. If this Hon'ble House as well as the community is in favour of increasing that share, I will be the first to alter the provision concerned. Any other alterations regarding the details, any suggestion will be quite welcome.

With regard to the applicability of the Bill to Thiyyas in the Chittur Taluk, there may be some doubt. I do concede that. The Thiyyas of Chittur have marital relations not only with the Thiyyas of other taluks of the State, but with the people of the Palghat Taluk. I hope very soon similar legislation will be introduced in the Madras Assembly also when it will be time enough for the Chittur people also to join hands with us in this legislation. I am also amenable for making any change in the Bill so that the Bill may not be applicable to the Thiyyas of Chittur until notified in the Government Gazette.

With regard to certain methods by which marriage can be effected, there is one provision in the Bill dealing with that. The

LIBRARY ARCHIVES Kerala Legislative Assembly

lady member was remarking that pudavakodukal should be made compulsory. All these are matters of detail. There is no such compulsory custom in the community now. It is not necessary now to introduce such a custom. The principle of the Bill is not opposed at all. The suggestion now is that the Bill be circulated. I oppose that suggestion, because that is the last resort of the Government as a dilatory tactics. I expected that the Government who have been considerate enough not to oppose the Nayar Act, the Christian Succession Act and similar kinds of legislation, will not oppose this piece of legislation. With regard to the Nayar Act itself, there was here a member who constantly opposed that Bill at every stage in spite of the fact that the Government allowed the Government officials to vote as they pleased. I do not know why the poor Thiyya woman should alone be allowed to drift without any chance of her acquiring any right anywhere in the world. If she is married, she does not get any right in the family to which she is married. She also loses all the rights she would have, had she remained unmarried, in her father's estate also, so that she is somewhere in what is called "*Thrisanku Swargham*". We do not want our ladies to be in the "*Thrisanku Swargham*" when other ladies are living happily in this world. It is to redress the grievances of the ladies of the community mainly that the Bill is brought. With these few remarks, I move that the Bill be now read in Council.

Mr. C. A. Kunjunni Raja (*Advocate-General*) : Sir, I have to make a few observations. With regard to the observation as to what is the law applicable to Ezhuvas, the Madras High Court has generally held that in the absence of a custom it is the Hindu Law that applies. And so far as Cochin is concerned, I am aware that there is a conflict of opinion. There have been certain decisions to the effect that strict rules of Hindu Law do not apply to Ezhuvas about which we are not now concerned. The position of the Government is this. From the information available, it is seen that there is a large volume of opinion against this measure so that Government, unless it is satisfied that a substantial majority is in favour of this social legislation which affects the community to a large extent, cannot support the measure. At this stage, we need not go into the details at all. As to what provisions of the Hindu Law affect this community, there is conflict of views. For instance, there is a decision that the doctrine of 'pious obligation' cannot be extended to the Ezhuvas. Because there are differences in the customs and manners of the society, there is difference in the laws also. All these are to be taken into consideration before launching upon such legislation. The position of the Government is that they are to

LIBRARY ARCHIVES Kerala Legislative Assembly

be satisfied that there is a large opinion in favour of the Legislation. Then only they can accept the Bill. The Government will be forced to move for circulation if the present motion is moved and carried.

Mr. V. K. Krishnankutty (*Ezhuvas-Trichur*): The Madras decisions also show that custom is applicable.

The motion was put and carried.

Secretary to the Council: The title of the Bill is 'The Cochin Makkathayam Thiyya Bill'.

Mr. C. A. Kunjunni Raja (*Advocate-General*): Under S. O. 31, I move that this Bill be circulated for opinion to be obtained before the end of 1114.

Mr. K. S. Panicker (*Ezhuvas-Mukundapuram*): I oppose the motion.

*മിസ്റ്റർ കെ. അയ്യപ്പൻ: എതായാലും ഇതിന്റെ പ്രിൻസിപ്പിളിനെ സംബന്ധിച്ചിടത്തോളം ശവമ്മെണ്ടു് ഇപ്പോൾ എടുത്തിരിക്കുന്ന നിലയിൽ ഈ ബില്ലിനെഅനുകൂലിക്കുന്ന അനുദ്യോഗസ്ഥ മെമ്പർമാർ എല്ലാവരും അവരുടെ കൂടെ നിന്നവേറണമെന്ന മാത്രമേ എനിയ്ക്കു" അപേക്ഷയുള്ളു. ഇതിലേക്കു് എത്ര കെട്ടു കടലാസ്സുകൾ വേണമെങ്കിലും കൊണ്ടുവരുവാൻ സാധിക്കും. എല്ലാ കാര്യങ്ങളും കടലാസുവെച്ചുകൊണ്ടാണോ തീരുമാനിക്കുന്നതു്? ഇവിടെയുള്ള അഞ്ചു മെമ്പർമാരും കൂടി യോജിച്ചു കൊണ്ടുവരുന്ന ഒരു നിയമനിർമ്മാണത്തെ ശവമ്മെണ്ടു് തീരെ നിസ്സാരമായിട്ടു കണക്കാക്കുന്നതു് ശരിയല്ല എന്നാണു് എനിക്കു ശവമ്മെണ്ടിനോടു പറയുവാനുള്ളതു്. ഒരിക്കൽ ബില്ലു് പാടില്ലെന്നു പറഞ്ഞ മെമ്പർതന്നെ അനേപക്ഷിച്ചിട്ടേ എന്തെങ്കിലും ചെയ്യുവാൻ പാടുള്ളു എന്നു പറയുന്നു.

മിസ്റ്റർ കെ. പി. കണ്ണൻനായർ: അനേപക്ഷണത്തിനു വേണ്ടിയല്ലേ സർക്കുലേഷൻ?

മിസ്റ്റർ കെ. അയ്യപ്പൻ: അനേപക്ഷണം കൊണ്ടു" സമുദായത്തിന്റെ യഥാർത്ഥ അഭിപ്രായം കിട്ടുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: പിന്നെ എങ്ങിനെയായാലാണു് കിട്ടുക?

മിസ്റ്റർ കെ. അയ്യപ്പൻ: സിലക്ടു് കമ്മിറ്റിയെവെച്ചു് ആ കമ്മറ്റി എല്ലാ സ്ഥലങ്ങളിലും പോയി അനേപക്ഷണം നടത്തട്ടെ. അങ്ങിനെ ഓരോ സ്ഥലത്തുമുള്ളവരുടെ അഭിപ്രായം വരുത്തുകയല്ലാതെ സർക്കുലേഷൻ മതിയെന്നു ശവമ്മെണ്ടു് പറയുന്നതിൽ എനിക്കു തോന്നുന്നതു് മനഃപൂർവ്വം കണ്ണു കെട്ടുവാൻ പോകുന്നുവെന്നാണു്. അങ്ങിനെ ഡെലിബറേറ്റായിട്ടു് കണ്ണു് കെട്ടരുതു്. സമുദായത്തിന്റെ അഭിപ്രായം അറിയണമെങ്കിൽ സിലക്ടു് കമ്മിറ്റിഎല്ലാ സ്ഥലത്തുംപോയി സാക്ഷികളെ വിസ്തരിച്ചു് മൊഴി എടുത്തുകൊള്ളട്ടെ. അതു കൊണ്ടു് ഈ സമുദായത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഏകോപിച്ചു് ആവശ്യപ്പെടുന്ന നിയമനിർമ്മാണത്തെ സഹായിക്കുകയാണു വേണ്ടതു്. ഇതുവരെ ഈ നിയമസഭയിൽ ഓരോ സമുദായക്കാരും ആവശ്യപ്പെടുന്ന നിയമനിർമ്മാണകാര്യത്തിൽ യാതൊരു എതിരും ബാക്കിയുള്ളവർ ഉണ്ടാക്കുതിരിക്കുന്നപതിവാണു് ഉണ്ടായിട്ടുള്ളതു്. അതിനെയെല്ലാം ഓർത്തു് നിങ്ങൾ ശവമ്മെണ്ടിന്റെ ഈ മോഷനെ എതിർക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

The motion was put and lost.

Mr. V. K. Krishnankutty (*Ezhuvas-Trichur*) : Sir, I move that the Bill be referred to a Select Committee consisting of (1) The Advocate-General, (2) Mr. K. S. Panicker, (3) Mr. K. R. Ramakrishnan, (4) Mr. C. V. Iyyu, (5) Mrs. Thankamma N. Menon, (6) Mr. T. V. Subramania Ayyar and (7) the Mover.

The motion was put and carried.

Mr. Deputy President: The Advocate-General will be the Chairman of the Select Committee. The Committee has to report within 3 months.

Condolence Motion.

At the demise of Rao Sahib C. Mathai, retired Director of Public Instruction.

*Dr. A. R. Menon (*Minister for Rural Development*) : Sir, with the leave of the House I wish to bring to the notice of this House the sad news we received just now of the passing away of Rao Sahib C. Mathai, the late Director of Public Instruction of the State. As the House is well aware Mr. Mathai has been ailing for some time now and he was in a precarious condition for the last few months. His death was sudden. I use the word sudden because it was not anticipated at all now. Reports were received here that he is a little better than what he used to be. The news of his death came suddenly to-day and it behoves us to move a condolence resolution with the leave of the Chair and with the leave of the House.

The late Mr. Mathai was in the service of the State for decades and gradually he rose from place to place till he came to occupy perhaps in my view, the head of the most important department under the Government. How well he managed that department is well known to all of us. Perhaps it is the most difficult department with clash of interests everywhere and Mr. Mathai was able to hold the balance and there has never been the least whisper of communalism with regard to this great officer. He has effected great improvements in our educational system and at the time of his retirement he could justly boast that he was managing the most efficient educational institution under any Government in India. We all expected then that he would be spared for a long time to do public work because Mr. Mathai was a man who used to take great interest in all that concerns the people. He was not an officer who confined himself to his own department, but took a lively interest in what was taking

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly